بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.02.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 10

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ചരിത്രത്തിൽ മക്കാ വിജയവുമായി ബന്ധപ്പെട്ട് ഹദ്റത് അബൂബക്കർ(റ)ന്റെ ഒരു സ്വപ്നത്തെ പരാമർശിക്കപ്പെടുന്നുണ്ട്. (സ്വപ്നത്തിൽ) മുസ്‌ലിംകൾ മക്കക്കു സമീപമെത്തിയപ്പോൾ ഒരു പട്ടി കുരച്ചുകൊണ്ട് അടുത്തേക്കു വന്നു. അത് അടുത്തെത്തിയപ്പോൾ മലർന്നു കിടന്നു; അതിൽ നിന്ന് പാൽ ഒഴുകാൻ തുടങ്ങി. നബി(സ) ഈ സ്വപ്നത്തെ വ്യാഖ്യാനിച്ചത്, അതിന്റെ ഉപദ്രവം അവസാനിക്കുകയും അതിന്റെ ഉപകാരം അടുത്തെത്തിയിരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. നിങ്ങളുടെ ബന്ധുത്വത്തിലൂടെ അവർ നിന്നിൽ അഭയം തേടുകയും അവരിൽ ചിലരെ നിങ്ങൾ കണ്ടുമുട്ടുകയും ചെയ്യുന്നതാണ്.

മക്കാ വിജയത്തിനു മുമ്പ്, മർറു സുഹ്റാനിൽ റസൂലുല്ലാഹ്(സ)ന്റെ സമക്ഷത്തിൽ അബൂസുഫിയാൻ വന്നപ്പോൾ, ഹദ്റത്ത് അബ്ബാസ്(റ)ന്റെയോ ഹദ്റത്ത് അബൂബക്കർ(റ)ന്റെയോ ഉപദേശപ്രകാരം മുസ്‌ലിംകളുടെ സൈന്യത്തെ കാണുന്നതിനുവേണ്ടി അബൂസുഫിയാനെ രാത്രിയിൽ തടഞ്ഞു നിർത്തി. അങ്ങനെ അബൂസുഫിയാന്റെ മുന്നിൽ, മുഹാജിറുകളും അൻസാറുകളുമടങ്ങിയ, റസൂൽ(സ)ന്റെ പച്ച വസ്ത്രം ധരിച്ച സൈന്യം കാണപ്പെട്ടു, അതിൽ കൊടിമരവും ഉണ്ടായിരുന്നു. പടചട്ടയണിഞ്ഞ ആയിരം അൻസാറുകളും ഉണ്ടായിരുന്നു. റസൂലുല്ലാഹി(സ) തന്റെ പതാക ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ)ന് നൽകിയിരുന്നു. അദ്ദേഹം സൈന്യത്തിന് മുന്നിലായിരുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബാദ അബൂസുഫിയാന്റെ അടുത്തുകൂടി അവനെ വെല്ലുവിളിച്ചുകൊണ്ട് കടന്നുപോയപ്പോൾ അബൂസുഫിയാൻ അബ്ബാസിനോട് പറഞ്ഞു: അല്ലയോ അബ്ബാസ്, ഇന്ന് എന്നെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം താങ്കൾക്കാണ്. അതിനുശേഷം മറ്റ് ഗോത്രങ്ങളും കടന്നു പോയി, അതിനുശേഷം റസൂലുല്ലാഹി(സ) പ്രത്യക്ഷനായി. നബി(സ), തന്റെ ഖസ്‌വാ ഒട്ടകപ്പുറത്ത് ഹദ്റത്ത് അബൂബക്കർ(റ)നോടും ഹദ്റത്ത് അസീദ് ബിൻ ഹുദൈറിനോടും സംസാരിച്ചുകൊണ്ടാണ് വരുന്നത്. ഹദ്റത്ത് അബ്ബാസ് അബൂസുഫിയാനോട് പറഞ്ഞു: ഇതാണ് അല്ലാഹുവിന്റെ ദൂതൻ(സ).

നബി(സ) മക്കയിലേക്ക് പ്രവേശിച്ചപ്പോൾ, സ്ത്രീകൾ തങ്ങളുടെ തട്ടങ്ങളാൽ കുതിരകളുടെ മുഖത്ത് അടിച്ചുകൊണ്ട് അതിനെ പിന്നോട്ട് തള്ളുന്നത് കണ്ടു. ഈ രംഗം കണ്ട പ്രവാചകൻ(സ) ഹദ്റത്ത് അബൂബക്കർ(റ)നോട് ഹസ്സാൻ ബിൻ സാബിത്ത് എന്താണ് പറഞ്ഞതെന്ന് ചോദിച്ചു. ഹദ്റത്ത് അബൂബക്കർ(റ) ഹസ്സാൻ ബിൻ സാബിത്തിന്റെ കവിതാശകലങ്ങൾ പറഞ്ഞു. അതിൽ വലിയ ഒരു സൈന്യം കദാഇന്റെ പാതയിലേക്ക് പ്രവേശിക്കുന്നതിന്റെ പരാമർശത്തിൽ ഇതിനു സമാനമായ ഒരു ചിത്രമുണ്ട്. നബി(സ) പറഞ്ഞു: എങ്കിൽ ഹസ്സാൻ ബിൻ സാബിത്ത് പറഞ്ഞിടത്ത് കൂടി തന്നെ പ്രവേശിക്കുക. കദാഅ് അറാഫാത്തിന്റെ മറ്റൊരു പേരാണ്.

മക്കാ വിജയവേളയിൽ നബി(സ) സമാധാനം പ്രഖ്യാപിച്ചപ്പോൾ അബൂബക്കർ(റ) പറഞ്ഞു: അബൂസുഫിയാൻ ബഹുമാനം ഇഷ്ടപ്പെടുന്ന വ്യക്തിയാണ്. അപ്പോൾ നബി(സ) അബൂസുഫിയാന്റെ വീട്ടിൽ പ്രവേശിക്കുന്നവർ സമാധാനത്തിലായിരിക്കും എന്ന് പറഞ്ഞു. തിരുനബി(സ)യുടെ കൽപ്പനപ്രകാരം ഹുബ്ൽ വിഗ്രഹം വീഴ്ത്തപ്പെട്ടപ്പോൾ സുബൈർ ബിൻ അവാം അബൂസുഫിയാനെ ഓർമ്മിപ്പിച്ചു, ഉഹ്ദ് ദിനത്തിൽ ഇതേ വിഗ്രഹത്തെക്കുറിച്ചല്ലേ അഭിമാനത്തോടെ നിങ്ങൾ പ്രഖ്യാപിച്ചിരുന്നത്; അത് നിങ്ങൾക്ക് അനുഗ്രഹം നൽകിയിരുന്നു എന്ന്? അബൂസുഫിയാൻ പറഞ്ഞു: ആ കാര്യങ്ങൾ ഒക്കെ വിട്ടുകളയുക. മുഹമ്മദ്(സ)ന്റെ ദൈവമല്ലാതെ മറ്റൊരു ദൈവം ഉണ്ടായിരുന്നെങ്കിൽ ഇന്നു നടന്നത് സംഭവിക്കുമായിരുന്നില്ലെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു.

ഹദ്റത്ത് അബൂഹുറൈറ(റ) പറയുന്നു: മക്കാ വിജയത്തിന്റെ ദിവസം, അല്ലാഹുവിന്റെ റസൂൽ(സ) ഇരിക്കുകയായിരുന്നു, ഹദ്റത്ത് അബൂബക്കർ(റ) വാളുമായി സംരക്ഷണത്തിനായി തിരുനബി(സ)ന്റെ ശിരസ്സിനരികിൽ നിൽക്കുണ്ടായിരുന്നു.

ഹിജ്റ എട്ടിൽ മക്കാവിജയത്തിന് ശേഷമാണ് ഹവാസൻ യുദ്ധം അല്ലെങ്കിൽ ഔതാസ് യുദ്ധം എന്ന് അറിയപ്പെടുന്ന ഹുനൈൻ യുദ്ധം നടന്നത്. മക്കയിൽ നിന്ന് മുപ്പത് മൈൽ അകലെയുള്ള മക്കയ്ക്കും തായിഫിനും ഇടയിലുള്ള ഒരു താഴ്വരയാണ് ഹുനൈൻ. മക്ക കീഴടക്കിയ വിവരം അറിഞ്ഞ് മാലിക് ഇബ്നു ഔഫ് നസ്രിയുടെ പ്രേരണയാൽ അറബ് ഗോത്രങ്ങളുടെ ഒരു വലിയ സംഘം മുസ്‌ലിംകളെ നേരിടാൻ തയ്യാറായി. തിരുനബി(സ) പന്ത്രണ്ടായിരം സൈന്യവുമായി യുദ്ധത്തിനു പുറപ്പെട്ട് അതിരാവിലെ ഹുനൈനിൽ എത്തി. മുശ്രിക്കുകളുടെ സൈന്യം ഇതിനകം തന്നെ താഴ്വരകളിൽ ഒളിച്ചിരുന്നു കഴിഞ്ഞിരുന്നു. മുസ്‌ലിംകൾക്ക് നിയന്ത്രിക്കാൻ സാധിക്കാത്ത വിധത്തിൽ അപ്രതീക്ഷിതമായി തീവ്രതയോടെ അവർ മുസ്‌ലിംകളെ ആക്രമിച്ചു. മുസ്‌ലിംകൾ ചിതറിപ്പോയി. തിരുനബി(സ) യുടെ കൂടെ ഏതാനും സ്വഹാബാക്കൾ മാത്രമേ അവശേഷിച്ചിരുന്നുള്ളൂവെന്ന് നിവേദനങ്ങളിൽ കാണാൻ സാധിക്കുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: (ഹുനൈൻ യുദ്ധത്തിൽ) തിരുമേനിക്ക് ചുറ്റും പന്ത്രണ്ട് അനുചരന്മാർ മാത്രം അവശേഷിച്ച ഒരു സന്ദർഭം വന്നിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഭയന്നുകൊണ്ട് തന്റെ സവാരിയുടെ കടിഞ്ഞാൺ പിടിച്ച്കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഇത് മുന്നോട്ട് പോകാനുള്ള സമയമല്ല. എന്നാൽ തിരുനബി(സ) വളരേ ആവേശത്തോടെ പറഞ്ഞു: 'എന്റെ സവാരിയുടെ കടിഞ്ഞാൺ വിട്ടേക്കുക, എന്നിട്ട് നിങ്ങൾ അതിനെ കുതികാലുകളടിച്ച് മുന്നോട്ട് നയിക്കുകയും ചെയ്യുക. സംരക്ഷണത്തിന്റെ ശാശ്വത വാഗ്ദാനമുള്ള വാഗ്ദത്ത പ്രവാചകനാണ് ഞാൻ എന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഞാൻ ഒരു വ്യാജനല്ല. അതുകൊണ്ട് നിങ്ങൾ മൂവായിരം വില്ലാളികളായാലും മുപ്പതിനായിരമായാലും ഞാൻ അത് ഗൗനിക്കുന്നില്ല.

തിരുനബി(സ)യുടെ നിർദേശപ്രകാരം ഹദ്റത്ത് അബ്ബാസ് മുസ്‌ലിംകളോട് വിളിച്ചുപറഞ്ഞു: സൂറഃ ബഖറയുടെ സഹാബാക്കളേ! ഹുദൈബിയാ ദിനത്തിൽ മരച്ചുവട്ടിൽ ബൈഅത്ത് ചെയ്തവരേ, അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു. ഒരു സ്വഹാബി പറയുന്നു: നവമുസ്‌ലിംകളുടെ ഭീരുത്വം കാരണം ഞങ്ങളുടെ സവാരികൾക്കും തിരിച്ച് ഓടേണ്ടി വന്നു. എന്നാൽ ഈ ശബ്ദം എന്റെ ചെവിയിൽ വന്നപ്പോൾ, ഞാൻ ജീവിച്ചിരിപ്പില്ലെന്നും മരിച്ചിട്ടുണ്ടെന്നും അസ്റാഫീലിന്റെ കാഹളം അന്തരീക്ഷത്തിൽ മുഴങ്ങുന്നതായും എനിക്ക് തോന്നി. ഞാൻ എന്റെ സവാരിയെ തിരിക്കാൻ ശ്രമിച്ചു, പക്ഷേ അത് ഭയന്നിരുന്നു. ഞാനും എന്റെ പല കൂട്ടാളികളും ഒട്ടകങ്ങളിൽ നിന്ന് താഴേക്കു ചാടി. അവരിൽ പലരും ഒട്ടകങ്ങളുടെ കഴുത്ത് വെട്ടുകയും അല്ലാഹുവിന്റെ ദൂതന്റെ അടുക്കലേക്ക് ഓടാൻ തുടങ്ങുകയും ചെയ്തു.

ഹദ്റത്ത് അബൂ ഖത്താദ(റ) പറയുന്നു: ഹുനൈൻ യുദ്ധത്തിന് ശേഷം നബി(സ) പറഞ്ഞു: 'ആരെങ്കിലും ഇരയെ കൊന്നുവെന്നതിന് തെളിവ് നൽകിയാൽ, കൊല്ലപ്പെട്ടവന്റെ സ്വത്ത് അവന്റെ കൊലയാളിയുടെതാണ്. ഞാൻ ആ കൊല്ലപ്പെട്ടവരുടെ സംഭവം അല്ലാഹുവിന്റെ ദൂതനോട് വിവരിച്ചു. നബി(സ)ന്റെ അടുത്തിരുന്ന ഒരാൾ പറഞ്ഞു: ഇദ്ദേഹം പറയുന്ന കൊല്ലപ്പെട്ടവരുടെ ആയുധങ്ങൾ എന്റെ പക്കലുണ്ട്.' എന്റെ കൈവശമുള്ള സാധനങ്ങൾ എന്റെ പക്കൽ തന്നെ വിട്ടിട്ട് അവർക്ക് മറ്റെന്തെങ്കിലും നൽകുക. അവിടെ ഇരിപ്പുണ്ടായിരുന്ന ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: ഇതൊരിക്കലും സാധ്യമല്ല. ഖുറൈശികളിലെ ഒരു ഭീരുവിനു സാധനങ്ങൾ വാങ്ങി നൽകുകയും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി പോരാടുന്ന അല്ലാഹുവിന്റെ സിംഹങ്ങളിൽ ഒന്നിനെ ഒഴിവാക്കുകയും ചെയ്യുകയാണോ? റസൂലുല്ലാഹ്(സ) എഴുന്നേറ്റ് ആ സാധനങ്ങൾ എനിക്ക് വാങ്ങി തന്നു.

തായിഫ് യുദ്ധം നടന്നത് ഹിജ്റ എട്ടിൽ ശവ്വാലിൽ ആണ്. നബി(സ) തായിഫിലെ ജനങ്ങളെ ഉപരോധിച്ചു. വിവിധ നിവേദനങ്ങളനുസരിച്ച്, ഈ ഉപരോധത്തിന്റെ ദൈർഘ്യം പത്ത് രാത്രികൾ മുതൽ നാൽപ്പത് രാത്രികൾ വരെയാണ്. ഈ അവസരത്തിൽ നബി(സ) ഒരു സ്വപ്നം കണ്ടു. നബി(സ) വിചാരിച്ച അതേ രീതിയിൽ തന്നെ അതിനെ അബൂബക്കർ(റ) വ്യാഖ്യാനിക്കുകയുണ്ടായി.

തബൂക്ക് യുദ്ധം നടന്നത് ഹിജ്റ ഒമ്പതിനു റജബ് മാസത്തിലാണ്. ഈ യുദ്ധത്തോടനുബന്ധിച്ച് ഹദ്റത്ത് അബൂബക്കർ(റ) തന്റെ ആകെ സമ്പത്തായിരുന്ന നാലായിരം ദിർഹത്തിന്റെ മുഴുവൻ സ്വത്തും നബി(സ)ന്റെ സവിധത്തിൽ സമർപ്പിക്കുകയുണ്ടായി. നബി(സ) അബൂബക്കർ(റ)നോട് തന്റെ കുടുംബത്തിനുവേണ്ടി എന്തെങ്കിലും ബാക്കിവെച്ചിട്ടുണ്ടോ എന്നു ചോദിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ), കുടുംബത്തിനായി അല്ലാഹുവിനേയും അവന്റെ ദൂതനേയും വിട്ടേച്ചുവന്നിരിക്കുകയാണെന്ന് പറയുകയുണ്ടായി. സൈദ് ബ്നു അസ്‌ലം തന്റെ പിതാവിൽ നിന്ന് വിവരിക്കുന്നു: ഹദ്റത്ത് ഉമർ(റ) പറയുന്നത് ഞാൻ കേട്ടു, എന്റെ സമ്പത്തിന്റെ പകുതി ഞാൻ കൊണ്ടുവന്നു, ഞാൻ എപ്പോഴെങ്കിലും അബൂബക്കറിനെക്കാൾ മുന്നിലെത്തുകയാണെങ്കിൽ അത് ഇന്നേ ദിവസമായിരിക്കുമെന്ന് ഞാൻ കരുതി, പക്ഷേ ഹദ്റത്ത് അബൂബക്കർ(റ) തന്റെ മുഴുവൻ സമ്പത്തുമായി വന്നപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവാണേ, എനിക്ക് ഒരു കാര്യത്തിലും അബൂബക്കറിനെ മറികടക്കാൻ കഴിയില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) ഈ സംഭവം പരാമർശിച്ചുകൊണ്ട് ബൈഅത്ത് ചെയ്യുന്നവരെ കുറിച്ച് പറയുന്നു: ചിലർ ബൈഅത്ത് ചെയ്യുകയും ഞങ്ങൾ ദീനിനെ ദുനിയാവിനേക്കൾ മുൻഗണന നൽകുമെന്ന്

ഏറ്റുപറയുകയും, എന്നാൽ സഹായത്തിന്റെയും പിന്തുണയുടെയും അവസരം വരുമ്പോൾ ലുബ്ധ് കാണിക്കുകയും ചെയ്യുന്നു. അത്തരം ഭൗതിക സ്നേഹത്തിന് എന്തെങ്കിലും മതപരമായ ലക്ഷ്യം കരസ്ഥമാക്കാൻ സാധിക്കുമോ? അത്തരക്കാരുടെ അസ്തിത്വം മറ്റുള്ളവർക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാക്കുമോ? ഒരിക്കലും ഇല്ല. അല്ലാഹു പറയുന്നത്, നിങ്ങൾക്ക് പ്രിയപ്പെട്ട സമ്പത്ത് നിങ്ങൾ ചെലവഴിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഒരു നന്മയും പ്രാപിക്കാനാകില്ലായെന്നാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബിനു മസ്ഊദ്(റ) പറയുന്നു: ഒരു രാത്രി തബൂക്കിൽ വെച്ച് നബി(സ)യും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) കൂടി ഹദ്റത്ത് അബ്ദുല്ലാഹ് സുൽജലാദീനെ ഖബറടക്കം ചെയ്യുന്നത് കണ്ടു. ആ ഖബറിൽ കിടക്കുന്നയാൾ ഞാനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി.

ഹിജ്റ 9 ൽ തബൂക്കിൽ നിന്ന് മടങ്ങിയപ്പോൾ ഹജ്ജിന് പുറപ്പെടാനാണ് തിരുമേനി(സ) ഉദ്ദേശിച്ചത്. എന്നാൽ ഹജ്ജുവേളയിൽ ബഹുദൈവാരാധകർ ശിർക്കിന്റെ വാക്കുകൾ ഉരുവിടുകയും നഗ്നരായി ത്വവാഫ് ചെയ്യുകയും ചെയ്യുമായിരുന്നുവെന്ന് തിരു നബി(സ) യോട് പറഞ്ഞപ്പോൾ നബി(സ) ആ വർഷം ഉദ്ദേശിച്ച ഹജ്ജ് ഉപേക്ഷിക്കുകയും ഹദ്റത്ത് അബൂബക്കർ(റ)നെ ഹജ്ജിന്റെ അമീറായി നിയമിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ മുന്നൂറ് സ്വഹാബത്തുമായി ഹജ്ജിന് പുറപ്പെട്ടു. നബി(സ) ബലിയറുക്കാനുള്ള മൃഗങ്ങളെയും അയക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്കർ(റ)ന്റെ പുറപ്പെടലിനുശേഷം സൂറത്തുത്തൗബ നബി(സ)ന് അവതരിച്ചു. നബി(സ) ഹദ്റത്ത് അലി(റ)നെ വിളിച്ചു അദ്ദേഹത്തോടു പറഞ്ഞു: സൂറത്ത് തൗബയുടെ തുടക്കത്തിൽ പറഞ്ഞിരിക്കുന്നതുമായി പോകുക, ബലിയർപ്പിക്കുന്ന ദിവസം ആളുകൾ മിനായിൽ ഒരുമിച്ചു കൂടുമ്പോൾ, ഒരു സത്യനിഷേധിയും സ്വർഗത്തിൽ പ്രവേശിക്കില്ലെന്ന് അതിൽ പ്രഖ്യാപിക്കുക. ഈ വർഷത്തിനുശേഷം ഒരു ബഹുദൈവാരാധകനേയും ഹജ്ജ് ചെയ്യാനും, ഒരാളേയും നഗ്നനായി ബൈത്തുല്ലായെ പ്രദക്ഷിണം വയ്ക്കാനും അനുവദിക്കില്ല, ആരെങ്കിലുമായി നബി(സ) കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവന്റെ കാലാവധി പൂർത്തീകരിക്കപ്പെടുന്നതാണ്. (അവർക്കു സഹായം ലഭിക്കുന്നതാണ്.)

ഹദ്റത്ത് അലി ഹദ്റത്ത് അബൂബക്കർ(റ)നെ കണ്ടുമുട്ടിയപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) ചോദിച്ചു: താങ്കളെ അമീറായി നിയമിച്ചു അയച്ചതാണോ അതോ നിങ്ങൾ എന്റെ കീഴിലാണോ? ഇത് ഹദ്റത്ത് അബൂബക്കർ(റ)ന്റെ വിനയത്തിന്റെ അവസ്ഥയായിരുന്നു. ഹദ്റത്ത് അലി പറഞ്ഞു: ഞാൻ നിങ്ങൾക്ക് കീഴിലാണ്. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് അബൂബക്കർ അറഫ സ്ഥലത്ത് ജനങ്ങളെ അഭിസംബോധന ചെയ്യുകയും തുടർന്ന് നബിയുടെ സന്ദേശം അറിയിക്കാൻ ഹദ്റത്ത് അലി(റ)നോട് ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ ഹദ്റത്ത് അലി(റ) സൂറഃ ബറാത്തിലെ (സൂറഃ തൗബയിലെ) നാൽപത് വചനങ്ങൾ ഓതിക്കേൾപ്പിച്ചു.

അബൂബക്കർ(റ)ന്റെ അനുസ്മരണം ഇനിയും തുടരുന്നതാണ്.

ഹുസൂർ തിരുമനസ്സ് റബ്വയിലെ അൽഫസലിന്റെ അസിസ്റ്റന്റ് എഡിറ്റർ ആയിരുന്ന മർഹൂം ശേഖ് ഖുർശീദ് അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുൽ ലത്തീഫ് ഖുർശീദ് സഹിബയെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളമ്പരപ്പെടുത്തുകയും അവർക്ക് മഗ്ഫിറത്തും ഉന്നത പദവികളും ലഭിക്കാൻ ദുആ ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 11.02.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**